# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3352 — 10.12.2018-ൽ മറുപടിക്ക്

## കേരള വില്ലേജ് മാന്വൽ പ്രകാരമുള്ള അച്ചടക്കനടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കേരള വില്ലേജ് മാന്വൽ സർവ്വീസ് ചട്ടപ്രകാരം ഒരു ജീവനക്കാരി പ്രസവകാല അവധിയിൽ നിൽക്കെ അച്ചടക്കനടപടി എടുക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള വില്ലേജ് മാന്വലിൽ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച പരാമർശങ്ങൾ ഒന്നും തന്നെയില്ല. സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് KCS (CC& A), Rules 1960 ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രസവാവധിയിലിരിക്കെ ഒരു ജീവനക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പാടില്ലായെന്ന പരാമർശം പ്രസ്തുത ചട്ടങ്ങളിൽ ഇല്ല. |
| (ബി) | വിശദീകരണം ചോദിക്കാതെ അച്ചടക്കനടപടി എടുക്കുന്നതുസംബന്ധിച്ച് സുപ്രീം കോടതിയുടെ ഉത്തരവ് വിശദമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള സുപ്രീം കോടതി വിധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) പ്രസവകാലത്ത് ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടി സ്വീകരിക്കുന്നത് മനുഷ്യത്വ രഹിതവും അനീതിയുമാണെന്ന് കരുതുന്നുണ്ടോ;

(സി) ചെയ്ത കുറ്റത്തിന്റെ തീവ്രത അനുസരിച്ച് ഒഴിവാക്കാനാകാത്ത സാഹചര്യമാണെങ്കിൽ അച്ചടക്ക അധികാരിയുടെ വിവേചനാധികാരം ഉപയോഗിച്ചാണ് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത്. ഇത് എല്ലാ ജീവനക്കാർക്കും എല്ലാ കാലത്തും ബാധകമാണ്.

(ഡി) പ്രസവകാല അവധിയിലായിരിക്കെ ജീവനക്കാരിയുടെ മേൽ അച്ചടക്കനടപടിയും അതുസംബന്ധിച്ച അന്വേഷണവും നടത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ